


Issue No. 9 **JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE** AUGUST 2015

## *Editor's Desk*

**വ**ർത്തമാനകാലത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുന്ന ജനാധിപത്യ രാഷ്ട്രം എന്ന നിലയിൽ ഭാരതം ചുവടുറപ്പിച്ചിരിക്കുന്നത് ശ്രേഷ്ഠസനാതന മൂല്യങ്ങളിലാണ്. നാനാത്വത്തിൽ ഏകത്വം പോലുള്ള സംഹിതകൾ ഭാരതത്തിന്റെ തനിമയെ വേറിട്ടതാക്കുന്നു. വൈവിധ്യമാർന്ന സംസ്കാരങ്ങളും ആചാരാനുഷ്ഠാനങ്ങളും ഭാരത പൈതൃകത്തെ സമ്പന്നമാക്കുന്നു. ഇത്തരം മൂല്യങ്ങളുടേയും തത്വസംഹിതകളുടേയും സംരക്ഷണത്തിന് കരുത്തേകുന്ന ഒന്നാണ് രാഷ്ട്രീയസാമൂഹിക സ്വാതന്ത്ര്യം എന്ന് പറയാതെവയ്യ. അതുകൊണ്ടുതന്നെ ദക്ഷിണഭാരതത്തിൽ സ്വാതന്ത്ര്യലബ്ധിയാഘോഷങ്ങൾക്ക് പൂക്കാലമൊരുക്കി മലയാളിമണ്ണ് നിലകൊള്ളുന്നു.

ഐതിഹ്യത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഉത്സവമാണ് ഓണം. സ്വതന്ത്രഭാരതത്തിന്റെ വീഥികൾക്കും യാത്രികർക്കും പ്രകാശമേകുന്ന മൂല്യങ്ങളെ ആവോളം അത് സംഭാവന നൽകുന്നുമുണ്ട്. ആതിഥേയ ധർമ്മം അനുഷ്ഠിക്കാൻ വാമനനുമുൻപിൽ ശിരസ്സുനമിച്ച മഹാബലി ചക്രവർത്തി പഠിപ്പിക്കുന്ന ധർമ്മനിഷ്ഠ ഭാരതപൗരന്റെ പാഠപുസ്തകമാണ്. അദ്ദേഹത്തിന്റെ ഭരണകാലത്ത് വിളങ്ങിയിരുന്ന നീതിബോധവും സത്യസന്ധതയും നാം കാത്തുസൂക്ഷിക്കേണ്ടതും, നഷ്ടപ്പെട്ടുവെങ്കിൽ തിരികെ നേടേണ്ടതുമാണ്.

സ്വാതന്ത്ര്യത്തിന്റെ അർത്ഥതലങ്ങൾ ഓരോ ഘട്ടത്തിലും വിഭിന്നങ്ങളാണ്. അടിസ്ഥാനപരമായി നിലനിൽക്കുന്ന സ്വാതന്ത്ര്യം, വ്യക്തിയിലൂന്നിയതും ഇതര വ്യക്തികളുടെ അവകാശങ്ങളെ ഹനിക്കാത്തതുമാകുന്നു. എല്ലാവരും കളങ്കമില്ലാതെ ജീവിച്ച ആ ധർമ്മരാജ്യം സ്വതന്ത്രമായ സമൂഹജീവിതത്തിന്റെ മകുടോദാഹരണമായിരുന്നു. ആ നല്ല നാളുകളെ നമുക്ക് വീണ്ടും ക്ഷണിക്കാം, ഒരിക്കൽ കൂടി യാഥാർത്ഥ്യത്തിലേക്ക് ഉൾച്ചേർക്കാം. മഹാബലി തമ്പുരാന്റെ ധർമ്മനിഷ്ഠയുടെ കാമ്പുൾക്കൊള്ളുന്ന സമത്വസുന്ദരഭാരതത്തിനായി നമുക്ക് കൈകോർക്കാം.

*ഏവർക്കും സ്വാതന്ത്ര്യദിനത്തിന്റേയും ഓണത്തിന്റേയും ആശംസകൾ നേർന്നുകൊള്ളുന്നു.*

**ഫാ. സിജോ ചെറുവത്തൂർ**
*എഡിറ്റർ*




## *Message*

# Smile...... Smile.....

*"Every time you smile at someone, it is an action of love, a gift to that person, a beautiful thing"*

*– Mother Teresa*

**മ**ദർ തെരേസയുടെ സുന്ദരമായ ഈ വാക്കുകൾ ശ്രദ്ധിയ്ക്കുക. ഓരോ ദിവസവും നാം എത്രയോ മനുഷ്യരെ കണ്ടുമുട്ടുന്നു. അവർക്കെല്ലാം പുഞ്ചിരിയാകുന്ന ഈ നല്ല സമ്മാനം കൈമാറാൻ സാധിച്ചാൽ അത് എത്രയോ നന്നായിരിക്കും. വേദനിച്ചിരിക്കുന്ന ഒരു രോഗിയുടെ മുഖത്തു നോക്കി ഹൃദ്യമായി നാമൊന്ന് പുഞ്ചിരിക്കുമ്പോൾ ആ രോഗിയ്ക്ക് അത് വലിയ ആശ്വാസം നൽകും. ഒരുപക്ഷേ മരുന്നിനേക്കാൾ ശക്തമായ ഔഷധമാണ് ഒരു നല്ല പുഞ്ചിരി. ആ പുഞ്ചിരിയോടൊപ്പം നല്ല മധുരമുള്ള വാക്കുകൾകൂടി ചേർന്നാലോ ! അത് കൂടുതൽ ശക്തമായ ഔഷധഗുണമുള്ളതാകും. നമ്മുടെ ഈ ജൂബിലി കുടുംബത്തിലേയ്ക്ക് ഓരോ ദിവസവും കടന്നുവരുന്ന മനുഷ്യരെ നമ്മുടെ വിലപ്പെട്ട അതിഥികളായി നമുക്ക് കാണാൻ ശ്രമിക്കാം. പുഞ്ചിരിയാകുന്ന പൂക്കൾ സമ്മാനിച്ച് നമുക്ക് അവരെ ഹൃദ്യമായി സ്വീകരിക്കാം. ഒരു ചെറുപുഞ്ചിരിയിൽ നിന്ന് ഒരായിരം പുഞ്ചിരികൾ ഓരോ നിമിഷവും വിടർന്നാൽ ഓരോ ദിനവും കോടാനുകോടി പുഞ്ചിരികളായി അത് മാറും. മനുഷ്യകുലത്തെ മുഴുവൻ പ്രകാശപൂരിതമാക്കാൻ അത് അവസരമാകും. അതിനാൽ സ്നേഹമുള്ളവരെ ഈ നിമിഷം മുതൽ നമുക്ക് ആരംഭിക്കാം, പുഞ്ചിരിയുടെ വലിയ മാലകൾ കോർക്കാൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ഫാ. പോൾ അറയ്ക്കൽ**
Spiritual Father, JMMC&RI

## ആദരാഞ്ജലികൾ



ഡോ. എ. പി. ജെ. അബ്ദുൾ കലാം 2008 ൽ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സന്ദർശിച്ചപ്പോൾ നട്ട അശോക വൃക്ഷത്തിന്റെ ചുവട്ടിൽ അദ്ദേഹത്തിന്റെ അനുശോചനാർത്ഥം പുഷ്പാർച്ചന നടത്തി.



ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ രണ്ട് തവണ സന്ദർശനം നടത്തിയിട്ടുള്ള ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ അനുസ്മരണാർത്ഥം കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ അദ്ദേഹത്തിന്റെ ഭൗതീകശരീരം സംസ്കരിക്കുന്ന അതേ സമയത്ത് തന്നെ രക്തദാനം നടത്തി. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് രക്തം ദാനം ചെയ്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

## സ്വാഗതം



**ഡോ. നവീൻ ഐസക്ക് ജോൺ**
MS (ജനറൽ സർജറി),
MCh (പ്ലാസ്റ്റിക്ക് സർജറി)
അസി. പ്രൊഫസർ, പ്ലാസ്റ്റിക്ക് സർജറി വിഭാഗം



**ഡോ. ഇന്ദുമതി കെ.**
MS (ജനറൽ സർജറി),
DNB (പ്ലാസ്റ്റിക്ക് സർജറി)
അസി. പ്രൊഫസർ, പ്ലാസ്റ്റിക്ക് സർജറി വിഭാഗം



**ഡോ. ശ്രീജിത്ത് എസ്. നായർ**
MD (കമ്മ്യൂണിറ്റി മെഡിസിൻ)
അസി. പ്രൊഫസർ,
കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം



**ഡോ. ജുബിന ബെൻസി എ. ടി.**
MD (കമ്മ്യൂണിറ്റി മെഡിസിൻ)
അസി. പ്രൊഫസർ,
കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം



എല്ലാ മനുഷ്യരും ഒരു കുടുംബത്തിലെ അംഗങ്ങളാണെന്ന ബോധ്യം ഉൾക്കൊണ്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്ന ഇഫ്താർ സംഗമവും സ്നേഹ വിരുന്നും ഹൃദ്യമായി. കാളത്തോട് ജുമാ മസ്ജിദ് ഇമാം ഹബീബുൾ ക്വാസിം വിശിഷ്ടാതിഥിയായിരുന്നു.




ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന കാത്തലിക്ക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കത്തോലിക്കാ ആശുപത്രി ഡയറക്ടർമാരുടെ ശില്പശാല ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കാത്തലിക്ക് ഹെൽത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് ഫാ. സുനിൽ ചിരിയങ്കണ്ടത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി.

## WORLD HEPATITIS DAY - 2015

ലോകാരോഗ്യ സംഘടനയുടെ ആഹ്വാനപ്രകാരം എല്ലാ വർഷവും ജൂലായ് 28-ന് **World Hepatitis Day** ആചരിച്ചുവരുന്നു. ഹെപ്പറ്റൈറ്റിസ് ആ വൈറസ് കണ്ടുപിടിച്ച നോബൽ ജേതാവായ **Baruch Samuel Blumberg** നോടുള്ള ആദര സൂചകമായാണ് അദ്ദേഹത്തിന്റെ ജന്മദിനമായ ജൂലായ് 28-ന് ഈ ദിനം ആചരിക്കുന്നത്.

ആരോഗ്യപ്രവർത്തകർക്ക് ഹെപ്പറ്റൈറ്റിസ് അണുബാധ ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള പ്രധാനപ്പെട്ട മാർഗ്ഗങ്ങൾ താഴെ പറയുന്നവയാണ്.

1. ശരിയായ ശുചിത്വ പരിപാലനം – എവിടെയും എപ്പോഴും.
2. ശാരീരിക സ്രവങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഗ്ലൗസ് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
3. **Aseptic techniques** ആണ് പ്രാക്ടീസ് ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്തുക
4. **Safe Injection Practices** എന്ന തത്വം മനസ്സിലാക്കുകയും **needle stick injury** ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കുകയും ചെയ്യുക.
5. താൻ മാത്രമല്ല തന്റെ കൂടെ ജോലി ചെയ്യുന്ന എല്ലാ ആരോഗ്യ പ്രവർത്തകരും പ്രത്യേകിച്ച് വിദ്യാർത്ഥികൾ **standard precautions** പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

പലപ്പോഴും നാം പേടിയോടെ കാണുന്ന **HIV** ബാധമൂലമുള്ള മരണത്തേക്കാൾ കൂടുതലാണ് **Hepatitis** അണുബാധമൂലമുള്ള മരണമെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണ്. അതിനാൽ നമുക്കെല്ലാവർക്കും ഒരുമിച്ച് ഈ അണുബാധയെ സമൂഹത്തിൽ നിന്നും തുടച്ചുനീക്കുവാൻ കൈകോർക്കാം.

**Ms. Sindhu M.P.,** Clinical Instructor
Jubilee Mission College of Nursing

# എൻ.എ.ബി.എച്ച്. – ആദ്യഘട്ടത്തിനാവശ്യമായ മാനദണ്ഡങ്ങൾ

**എൻ. എ. ബി. എച്ച്. അക്രഡിറ്റേഷൻ ലഭിക്കുന്നതിന് മുമ്പ് ആവശ്യമായ മാനദണ്ഡങ്ങൾ 10 അദ്ധ്യായങ്ങളിൽ 45 മാനദണ്ഡളായി തരം തിരിച്ചിരിക്കുന്നു. ആകെ 167 വസ്തുനിഷ്ഠമായ ഘടകങ്ങൾ ഇതിൽ സംക്ഷിപ്തമാണ്. രോഗികളെ കേന്ദ്രീകരിച്ച് അഞ്ചും, ഘടന കേന്ദ്രീകരിച്ച് അഞ്ചും മാനദണ്ഡങ്ങളാണുള്ളത്.**

## രോഗികളെ കേന്ദ്രീകരിച്ചുള്ള മാനദണ്ഡങ്ങൾ

1. **സമീപനം, നിർണ്ണയം, തുടർച്ചയായ പരിചരണം** (Access, Assessment and Continuity of Care - AAC)

   ആശുപത്രിയിൽ ലഭ്യമായ സേവനങ്ങൾ വ്യക്തമായി പ്രദർശിപ്പിക്കുക, രജിസ്ട്രേഷൻ, അഡ്മിഷൻ, ഡിസ്ചാർജ് എന്നിവ വ്യക്തമായി രേഖപ്പെടുത്തുക, സ്ഥിരമായ പ്രാരംഭ രോഗനിർണ്ണയവും, ആവർത്തിച്ചുള്ള രോഗനിർണ്ണയവും നടത്തുക, ലാബ് സേവനങ്ങളും, ലാബ് സുരക്ഷയുടെ ആവശ്യകതയും, ഇമേജിങ്ങ് സേവനവും, റേഡിയേഷൻ സുരക്ഷയും, നിർവ്വചിക്കപ്പെട്ട ഡിസ്ചാർജ് പ്രക്രിയകൾ എന്നിവ ഉൾപ്പെടുന്നു.

2. **രോഗീപരിചരണം** (Care of Patients - COP)

   നിർവ്വചിക്കപ്പെട്ട മാനദണ്ഡങ്ങളും പ്രവർത്തികളും, ആംബുലൻസ് അടിയന്തിര സേവനങ്ങൾ, രക്തം, രക്ത ഉൽപ്പനങ്ങൾ എന്നിവയുടെ യുക്തിപരമായ ഉപയോഗം, തീവ്രപരിചരണവിഭാഗങ്ങളിൽ രോഗികളുടെ പരിചരണം, പ്രത്യുൽപ്പാദന വിഭാഗത്തിലെ രോഗികളുടെ പരിചരണം, രോഗികളായ കുട്ടികളുടെ പരിചരണം, അനസ്തേഷ്യ, സർജറി എന്നിവയുടെ നടപടികൾ രേഖപ്പെടുത്തുക എന്നിവ ഉൾപ്പെടുന്നു.

3. **മരുന്നുകളുടെ മാനേജ്മെന്റ്** (Management of Medication - MOM)

   ഫാർമസി സേവനങ്ങൾ രേഖപ്പെടുത്തുക, മരുന്നുകളുടെ ശേഖരണം, മരുന്നുകൾ നിർദ്ദേശിക്കൽ, മരുന്നുകളുടെ സുരക്ഷിതമായ വിതരണം, മരുന്നുകളുടെ ഉപഭോഗം, പ്രതികൂല സന്ദർഭങ്ങൾ, റേഡിയോ ആക്ടീവ് മരുന്നുകളുടെ ഉപയോഗം എന്നിവ ഉൾപ്പെടുന്നു.

4. **രോഗികളുടെ അവകാശങ്ങളും ബോധവൽക്കരണവും** (Patient Rights and Education - PRE)

   രോഗികളുടെ അവകാശങ്ങൾ രേഖപ്പെടുത്തുകയും അവ പ്രദർശിപ്പിക്കുകയും ചെയ്യുക, രോഗികളെയും ബന്ധുക്കളെയും വിവരാവകാശത്തെപ്പറ്റി ബോധവൽക്കരിക്കുക എന്നിവ ഇതിൽ പെടുന്നു.

5. **ആശുപത്രിയിലെ അണുബാധ നിയന്ത്രണം** (Hospital Infection Control -HIC)

   അണുബാധ നിയന്ത്രണ ലഘുഗ്രന്ഥങ്ങളും, നിരീക്ഷണ പ്രവർത്തനങ്ങളും, ആശുപത്രി അനുബന്ധ രോഗങ്ങൾ കുറയ്ക്കാനുള്ള വഴികൾ, ജൈവ മാലിന്യങ്ങളുടെ മാനേജ്മെന്റ് പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

## ഘടനാകേന്ദ്രീകൃത മാനദണ്ഡങ്ങൾ

6. **തുടർച്ചയായ മൂല്യ പുരോഗതി** (Continuous Quality Improvement - CQI)

   മൂല്യപുരോഗതി, രോഗീസുരക്ഷ, തുടർച്ചയായ പരിശോധന പദ്ധതി, ആശുപത്രിയുടെ ഘടന, പ്രവർത്തനം, ഫലം എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനം എന്നിവ ഇതിൽ പെടുന്നു.

7. **മാനേജ്മെന്റിന്റെ ഉത്തരവാദിത്വങ്ങൾ** (Responsibilities of Management - ROM)

   മാനേജ്മെന്റിന്റെ ഉത്തരവാദിത്തങ്ങൾ, സാന്മാർഗിക മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള മാനേജ്മെന്റ്, മൂല്യപുരോഗതിയും, രോഗീസുരക്ഷയും പരിശോധിക്കുന്നതിനുവേണ്ടിയുള്ള മൾട്ടി ഡിസിപ്ലിനറി കമ്മിറ്റികളുടെ രൂപീകരണം എന്നിവ ഇതിൽ പെടുന്നു.

8. **ഫെസിലിറ്റി മാനേജ്മെന്റും സുരക്ഷയും** (Facility Management and Safety - FMS)

   ആശുപത്രി ചുറ്റുപാടുകളും സുരക്ഷാ സംവിധാനങ്ങളും. ഇവയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ മാനേജ്മെന്റ്, ശുദ്ധ ജലം, വൈദ്യുതി, മെഡിക്കൽ ഗ്യാസ്, വാക്വം സിസ്റ്റം എന്നിവയുടെ ലഭ്യത, തീപിടുത്തം, മറ്റ് അത്യാഹിത സാഹചര്യങ്ങൾ എന്നിവ മറികടക്കുന്നതിനുള്ള സംവിധാനങ്ങൾ.

9. **ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ്** (Human Resource Management - HRM)

   സ്റ്റാഫുകളുടെ നിയമനം, പരിശീലനം നൽകൽ, അച്ചടക്ക നടപടികൾ, പ്രശ്ന പരിഹാര നടപടികൾ, ജീവനക്കാരുടെ ആരോഗ്യപരമായ കാര്യങ്ങളിലുള്ള ശ്രദ്ധ, ഓരോ സ്റ്റാഫിന്റേയും രേഖകൾ സൂക്ഷിക്കൽ.

10. **ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം** (Information Management System - IMS)

    ഓരോ രോഗിയുടേയും പൂർണ്ണവും, കൃത്യവുമായ മെഡിക്കൽ റെക്കോർഡ് സൂക്ഷിക്കൽ, മെഡിക്കൽ റെക്കോർഡിൽ രോഗിയുടെ തുടർച്ചയായുള്ള ചികിത്സകളുടെ വിവരങ്ങൾ രേഖപ്പെടുത്തൽ. മെഡിക്കൽ റെക്കോർഡിന്റെ രഹസ്യ സ്വഭാവവും, അതിന്റെ യഥാർത്ഥ ഉപഭോക്താവിന് വിവരങ്ങൾ കൈമാറുന്നതിനുള്ള സംവിധാനവും, മെഡിക്കൽ റെക്കോർഡ് സൂക്ഷിക്കേണ്ട കാലയളവ് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇതിൽ പെടുന്നു.

Ms. **സമിയത്ത് എം.**
PMO, Quality Cell




**ജൂബിലി മിഷനിൽ എൻ.എ.ബി.എച്ച്. പ്രവർത്തനങ്ങളുടെ ഭാഗമായി ഡോ. ജുനൈദ് (എറണാകുളം ഗവ. ആശുപത്രി), ശ്രീ. രാമകൃഷ്ണൻ (COO, ACME) എന്നിവർ ട്രെയിനിങ്ങിന് ആരംഭം കുറിച്ചു.**

# ഓണാശംസകൾ...

**വി**ദൂരതയിൽ നിന്നും ഭൂമിയിൽ പതിയ്ക്കുന്ന മഴത്തുള്ളിയെ വരവേറ്റും, പുന്നെല്ലിന്റെ സുഗന്ധത്തെ വരവേൽക്കാൻ പ്രതീക്ഷയുമായ് കാത്തിരിയ്ക്കുന്നവർക്കായ് വീണ്ടും പൊന്നോണം വരവായി.

കാർഷികോദ്യാന രാവുകളിൽ പുന്നെല്ലിന്റെ മണം സമ്പൽസമൃദ്ധിയായ് മാറുന്നു. പൊന്നോണനാളുകളെ കാത്തിരിയ്ക്കുന്ന ഏവർക്കും ഓണം സമ്പൽസമൃദ്ധിയുടെ പ്രതീകമായ മഹാബലിയും, തിന്മയ്ക്കുമേൽ നന്മയുടെ വിജയം കൈവരിച്ച വാമനനും, ഓണപൂക്കളവും, ഓണസദ്യയും, ഓണക്കോടിയുമെല്ലാം മായാതെ നിൽക്കുന്നു.



മുറ്റത്തെ പൂക്കളത്തിൽ മാർക്കറ്റിലെ കിറ്റ് ഫ്ളവേഴ്സ് സ്ഥാനം സ്വയം ഏറ്റെടുക്കുമ്പോൾ, ചെത്തിയും ചെമ്പരത്തിയും ഇന്ന് വിരളമായി മാത്രം കാണപ്പെടുന്നു. എല്ലാം അൽപാൽപമായ് അകന്നുപോകുമ്പോൾ യഥാർത്ഥ മൂല്യങ്ങൾ പലതും എവിടെയോ നഷ്ടമാകുന്നു. രുചിയേറിയ പ്രഥമനും കാച്ചിക്കുറുക്കിയ നാൽക്കൂട്ടും ഓണം നമ്മെ ഓർമ്മിപ്പിക്കുന്നു. എല്ലാവർക്കും സമ്പൽസമൃദ്ധിയുടേയും ഐശ്വര്യത്തിന്റേയും സന്തോഷത്തിന്റെയും പൊന്നോണം ആശംസിക്കുന്നു.

**Ms. Krishnaveni S.**, MRD

## Jokes



രണ്ട് ഡോക്ടർമാർ തമ്മിൽ :

ഒന്നാമൻ : നിങ്ങളുടെ ആശുപത്രിയിൽ ഏതെങ്കിലും രോഗികൾ ചികിത്സയിലെ പരാതിയുമായി വരാറുണ്ടോ ?

രണ്ടാമൻ : ഞങ്ങളുടെ ആശുപത്രിയിൽ ഇന്നേവരെ ഒരു രോഗിയും പരാതിയുമായി വന്നിട്ടില്ല.

ഒന്നാമൻ : ഞങ്ങളുടെ ആശുപത്രിയിൽ ഒരുപാടുപേർ പരാതിയുമായി വരാറുണ്ട്. നിങ്ങളുടെ ആശുപത്രി ഏതാണ് ?

രണ്ടാമൻ : സർക്കാർ മൃഗാശുപത്രി.

Mr. **ബേബി പി. എ.**
ഇൻഷൂറൻസ്

## അഭിനന്ദനങ്ങൾ



സെന്റ് ജോൺസ് മെഡിക്കൽ കോളേജ്, ബാംഗ്ലൂരിൽ നടത്തിയ സിസ്റ്റർ നിർമ്മല മെമ്മോറിയൽ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ **ഡോ. നിഹാൽ യൂസുഫ്** (പി.ജി. വിദ്യാർത്ഥി, ജനറൽ സർജറി വിഭാഗം) - ന് അഭിനന്ദനങ്ങൾ...

## മെഡിക്കൽ വിദ്യാർത്ഥികൾ ജീവകാരുണ്യത്തിലേക്ക്




പഠനത്തോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങളിലും ശ്രദ്ധയൂന്നാനായി ശ്രമിക്കുകയാണ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ. കോളേജ് യൂണിയന്റെ നേതൃത്വത്തിൽ 'ഒരു ദിവസം ഒരു രൂപ' എന്ന സംരംഭം തൃശ്ശൂർ സബ്കലക്ടർ മിർ മുഹമ്മദാലി IAS ഉദ്ഘാടനം ചെയ്തു. ഇതിൽനിന്ന് സമാഹരിക്കുന്ന തുക നിർദ്ധനരായ രോഗികളുടെ ചികിത്സാചെലവിനും പാവപ്പെട്ട കുട്ടികളുടെ പഠനസഹായത്തിനും ചിലവഴിക്കും.

## WELCOME TO JUBILEE FAMILY

| Sl No. | Name | Department |
|---|---|---|
| 1 | AKHIL ANANDHAN V | Radiology |
| 2 | STEEV C O | Radiology |
| 3 | AKHIL UNNIKRISHNAN | EDP |
| 4 | LIJA DOMINI | ANM |
| 5 | RAISON JOY T | Maintenance |
| 6 | SANITHA E V | Patient Relation |
| 7 | SIJO VARGHESE | Maintenance |
| 8 | ZAMIYATH M | PMO (QC) |
| 9 | JILBY C J | Pharmacy |
| 10 | SR.LEENA | Pharmacy |
| 11 | MAYA BABU P | Pharmacy |
| 12 | MILCY DAVIED | Pharmacy |
| 13 | RINKY GEORGE | Pharmacy |
| 14 | RIYA JOHNSON | Pharmacy |

**STAFF NURSES**

| | | | |
|---|---|---|---|
| 15 | ABILASHA DAVIS | 44 | NEETHU MOHANAN |
| 16 | ALEENA C. A. | 45 | NICY ANTONY K. |
| 17 | ANJU VALSON | 46 | NIMMY THOMAS |
| 18 | ANU O JOSE | 47 | NISHA K. B. |
| 19 | ARYA V.N. | 48 | PRITTY PAUL |
| 20 | ATHIRA SIBI | 49 | REMYA VARGHESE |
| 21 | CHINJU JOHNY | 50 | RENIT RAPHAEL |
| 22 | CHINNU ROSE JOJU | 51 | RINU PAULSON |
| 23 | DELMA DAVIS | 52 | ROSMY CHARLY |
| 24 | DEMINA VARGHESE | 53 | ROSY ABRAHAM |
| 25 | DHANYA. I | 54 | SEENA DEVASSYKUTTY |
| 26 | DINCY P. V. | 55 | SHERIN BABU |
| 27 | GRACE M. J. | 56 | SHERIN XAVIER |
| 28 | GREESHMA RAJU | 57 | SILGY SILVAN |
| 29 | JASMIN CHACKO | 58 | SINI KURIAKOSE |
| 30 | JEEMOL JAMES | 59 | SITHARA BABU |
| 31 | JILLYMOL N. J. | 60 | SNEHA FRANCIS |
| 32 | JINCY C.J. | 61 | SR ANJALY CSSE (LILLYKUTTY SCARIA) |
| 33 | JINCY E C | | |
| 34 | JINCY M V | 62 | SR TESNA M.S.J. |
| 35 | JISMI THOMAS C. | 63 | SUKRUTHY K C |
| 36 | JISMY JOHNSON | 64 | SYAMA SIVADASAN |
| 37 | JOSMI M J | 65 | TIJI JOHNSON |
| 38 | JUDIT A MATHEW | 66 | VINITHA M. |
| 39 | JUNA ANTONY | 67 | VINNY VARGHESE K. |
| 40 | LIJI C B | 68 | MANEESHA K V |
| 41 | LISHA JOSE | 69 | MANJU A B |
| 42 | MEENU PAUL K | 70 | MARIES P.J. |
| 43 | NEEMA C. R. | 71 | NEENU M. D. |

**Editorial Board**
Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble |
Ms. Suma Paul | Ms. Deepa Tom | Ms. Ansa | Ms. Krishnaveni | Ms. Stefy C. Joseph | Ms. Ricy P. J. | Ms. Raki K. V. | Ms. Reshma | Ms. Jilta |